**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1649** **16-10-2026-ൽ മറുപടിയ്ക്ക്**

**പി.എം.ജി.യിൽ ദീർഘദൂര ബസ്സുകൾക്ക് ബോർഡിംഗ് പോയിന്റ് അനുവദിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എം. നസീർ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** നിയമസഭാ സെക്രട്ടേറിയറ്റ്, ഇലക്ഷൻ ഓഫിസ്, ലോകായുക്ത, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, ഐ.എം.ജി. തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വടക്കൻ ജില്ലകളിലെ ജീവനക്കാർ ആശ്രയിക്കുന്ന പ്രധാന ബസ് സ്റ്റോപ്പായ പി.എം.ജിയിൽ, സൂപ്പർ ഡീലക്സ് മുതൽ എ.സി. മൾട്ടി ആക്സിൽ സ്ലീപ്പർ വരെയുള്ള ദീർഘദൂര ബസ്സുകൾക്ക് ബോർഡിംഗ് പോയിന്റ് ഇല്ലാത്തതുമൂലം റിസർവേഷൻ യാത്രക്കാർ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** ഉണ്ടെങ്കിൽ പി.എം.ജി.യിൽ സൂപ്പർ ഡീലക്സ്, എ.സി സ്ലീപ്പർ, എ.സി മൾട്ടി ആക്സിൽ തുടങ്ങിയ ദീർഘദൂര ബസ്സുകൾക്ക് പുതിയ ബോർഡിംഗ് പോയിന്റ് അനുവദിച്ച് ദീർഘദൂര യാത്രക്കാർ നേരിടുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**മറുപടി:** ആയത് പരിഹരിക്കുന്നതിനായി മിന്നൽ ഒഴികെയുള്ള എല്ലാ ദീർഘദൂര സർവീസുകളിലും ബോർഡിംഗ് പോയിൻറ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**(സി)** റിസർവ് ചെയ്ത ബസ്സുകൾ അനിശ്ചിതമായി വൈകുമ്പോൾ അതേ നിലവാരത്തിലുള്ളതോ താഴ്ന്ന നിലവാരത്തിലുള്ളതോ ആയ മറ്റ് ബസ്സുകളിൽ യാത്ര ചെയ്യാൻ സ്റ്റേഷൻ മാസ്റ്ററുടെ സാക്ഷ്യപ്പെടുത്തൽ വേണമെന്ന നിബന്ധന കാരണം ബസ് സ്റ്റാൻഡല്ലാത്ത ഇടങ്ങളിൽ നിന്ന് കയറുന്ന യാത്രക്കാർ വീണ്ടും ടിക്കറ്റെടുക്കേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ;

**മറുപടി:** കെ.എസ്.ആർ.ടി.സി.യുടെ എല്ലാ സർവീസുകളും ഒഴിവാക്കാനാകാത്ത ഏതെങ്കിലും കാരണത്താൽ റദ്ദാക്കുകയോ വൈകുകയോ ചെയ്യുന്ന സാഹചര്യത്തിൽ യാത്രക്കാർക്ക് ഉണ്ടാകുന്ന അസൗകര്യം പരിഹരിക്കുന്നതിനായി പകരം സംവിധാനം സജ്ജീകരിക്കുന്നതും യാത്രക്കാരെ ഈ വിവരം അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. സർവീസുകൾ അനിശ്ചിതമായി വൈകുന്ന സാഹചര്യം ഉണ്ടായാൽ ബസ് സ്റ്റാൻഡുകൾ കേന്ദ്രീകരിച്ച് പകരം സംവിധാനം ഒരുക്കുന്നതിനോ ടി വിവരം യാത്രക്കാരെ അറിയിച്ച് ടിക്കറ്റ് ക്യാൻസൽ ചെയ്ത് തുക മടക്കി നൽകുന്നതിനോ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 149 എന്ന നമ്പരിൽ കെ.എസ്.ആർ.ടി.സി.യുടെ 24 മണിക്കൂറും പ്രവർത്തിച്ച് വരുന്ന ഓപ്പറേഷണൽ കൺട്രോൾ റൂമിൽ പ്രസ്തുത സേവന സംവിധാനങ്ങൾ ലഭ്യമാകുന്നതും യാത്രക്കാർക്ക് പ്രസ്തുത ആവശ്യങ്ങൾക്കായി

ഉപയോഗിക്കാവുന്നതുമാണ്. രേഖാമൂലമുള്ള മുൻകൂർ അനുമതി ഇല്ലാതെ ഒരു ബസ് സർവീസിനായി റിസർവ് ചെയ്ത ടിക്കറ്റ് ഉപയോഗിച്ച് മറ്റൊരു ബസ്സിൽ യാത്ര ചെയ്യുന്നതിന് യാത്രക്കാർക്ക് അനുമതി നൽകുന്നത് ടി ബസിൽ യാത്ര ചെയ്യുന്നവർക്കും ബുക്ക് ചെയ്തവർക്കും സീറ്റ് സംബന്ധിച്ചും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെന്നതിനാൽ ടി സജീകരണം നടപ്പിലാക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

**(ഡി)** റിസർവ് ചെയ്ത ബസ്സുകൾ അനിശ്ചിതമായി വൈകുമ്പോൾ അതേ നിലവാരത്തിലുള്ളതോ അതിൽ താഴെയുള്ളതോ ആയ മറ്റ് ബസ്സുകളിൽ റിസർവേഷൻ ടിക്കറ്റ് കാണിച്ച് യാത്ര ചെയ്യാൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**